(സി) കോർപ്പറേഷൻ മറ്റു സ്വയം തൊഴിൽ വായ്പകൾ നൽകുന്നുണ്ട്. അടുത്ത വർഷത്തെ പദ്ധതിയിൽ വ്യവസായ സംരംഭകർക്കായി കൂടുതൽ തുക വകയിരുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

പട്ടികജാതി വിദ്യാർത്ഥിയെ പീഡിപ്പിച്ചതായി പരാതി

7(210). ശ്രീ. എൻ. കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഊർങ്ങാട്ടിരി പഞ്ചായത്തിലെ കൂത്തുപറമ്പ് ജി.എൽ.പി. സ്കൂളിലെ പട്ടികജാതിയിൽപ്പെട്ട 2-ാം ക്ലാസ് വിദ്യാർത്ഥി പ്രദീപ് എന്ന കുട്ടിയെക്കൊണ്ട് മറ്റൊരു വിദ്യാർത്ഥിനിയുടെ മലവിസർജ്യം കോരിച്ചത് സംബന്ധിച്ച പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ സംഭവത്തിനുശേഷം കുട്ടി സ്കൂളിൽ പോകാൻ വിസ്സമ്മതിക്കുന്ന വിവരം സർക്കാർ ഗൗരവമായി കാണുമോ;

(ഡി ഹരിജൻ വിദ്യാർത്ഥിയെ പീഡിപ്പിച്ചവർക്കെതിരെ നടപടി എടുക്കുന്നതിനു പകരം പരാതി കൊടുത്തതിന്റെ പേരിൽ കുട്ടിയുടെ പിതാവിന്റെ സൈരജീവിതം തടസ്സപ്പെടുത്തുന്ന കാര്യം സർക്കാർ ഗൗരവമായി കാണുമോ;

(ഇ) ഈ സംഭവത്തെക്കുറിച്ച് ശരിയായ ഒരു അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടിയെടുക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രദീപ് എന്ന വിദ്യാർത്ഥിയുടെ അച്ഛൻ താമരശ്ശേരി രാമചന്ദ്രൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പുതുശ്ശേരി മാണിമാസ്റ്റർ, മണ്ണിൽതൊക്ക് ഇബ്രാഹിം എന്നിവരെ പ്രതിചേർത്ത് പട്ടികജാതി പട്ടികവർഗ്ഗ പീഡന നിരോധന നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ താഴെപ്പറയുന്ന കാര്യങ്ങൾ അറിവായി. മാനസികവളർച്ച പൂർണ്ണമല്ലാത്ത രണ്ടാംക്ലാസ് വിദ്യാർത്ഥിനിയായ ജിംഷലയുടെ ഉടുപ്പിൽ പറ്റിയ മലം തൊട്ടടുത്ത വിദ്യാർത്ഥിനിയായ സബിതയുടെ ഉടുപ്പിലും ബഞ്ചിലും ആയതറിഞ്ഞ ആ ക്ലാസിലെ മറ്റൊരു വിദ്യാർത്ഥിയായ ഷാഹിദ് അറബി അദ്ധ്യാപകനായ നാണി മാഷിനോടു പറഞ്ഞുവെന്നും ഇബ്രാഹിം മാസ്റ്ററുമായി ആലോചിച്ച് നാണി മാസ്റ്റർ രണ്ടുകുട്ടികളേയും അപ്പോൾത്തന്നെ വീട്ടിലേക്ക് പറഞ്ഞുവിട്ടുവെന്ന് പരാതിക്കാരന്റെ മകനായ പ്രദീപും ഷാഹിദും ചേർന്ന് സ്വന്തം ഇഷ്ടപ്രകാരം ബഞ്ച് ക്ലാസിനു പുറത്തുള്ള പൈപ്പിനടുത്തേക്ക് പിടിച്ചിട്ട് വെള്ളമൊഴിച്ച് വൃത്തിയാക്കിയതാണെന്നും ഇത് കണ്ട് മറ്റു വിദ്യാർത്ഥികൾ കൂകി വിളിച്ചുവെന്നും കൂകിവിളികേട്ട് സ്ഥലത്ത് എത്തിയ അദ്ധ്യാപകൻ കൂകി

LIBRARY ARCHIVES Kerala Legislative Assembly

വിളിച്ച കുട്ടികളെക്കൊണ്ട്തന്നെ കഴുകി വൃത്തിയാക്കിയ ബഞ്ച് ക്ളാസിനകത്ത് കയറ്റി ഇടുവിച്ച്വെന്ന് അറിയാൻ കഴിഞ്ഞു. പരാതിക്കാരന്റെ പരാതിയിൽ ആരോപിക്കുന്ന വിധത്തിൽ ക്ലാസിലെ ബഞ്ചിൻമേൽ മലം വിസർജിച്ചിട്ടില്ലെന്നും ക്ലാസിലെ ബഞ്ച് പരാതിക്കാരന്റെ മകനും കൂട്ടുകാരനും കൂടി സ്വമേധയാ വെള്ളമൊഴിച്ച് വൃത്തിയാക്കിയതാണെന്നും കഴുകിയ ബഞ്ച് ക്ലാസിലേക്ക് തിരിച്ചുകൊണ്ട് വയ്പിച്ച് അദ്ധ്യാപകൻ വിദ്യാർത്ഥികളോട് സദുദ്ദേശത്തോടെ ചെയ്ത പ്രവർത്തിയായി മാത്രമേ ഇതിനെ കണക്കാക്കാൻ കഴിയൂ എന്ന് അന്വേഷണത്തിൽ നിന്ന് വ്യക്തമായിട്ടുണ്ട്.

(സി) മറ്റു കുട്ടികൾ പരിഹസിക്കുമെന്ന് ഭയന്ന് സ്കൂളിൽ പോയിട്ടില്ല. ഇപ്പോൾ സ്കൂളിന് റംസാൻ അവധിയാണ്.

(ഡി) പരാതിക്കാരന്റെ സൈരജീവിതത്തിനു തടസ്സമുള്ളതായി അന്വേഷണത്തിൽ അറിവായിട്ടില്ല ടിയാൻ ഇപ്പോഴും അതേ നാട്ടിൽ കൂലിപ്പണി എടുത്ത് ജീവിച്ചുവരുന്നു.

(ഇ) തുടർന്നുള്ള അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അന്വേഷണത്തിൽ കുറ്റം നടന്നതായി കണ്ടാൽ നടപടിയെടുക്കുന്നതാണ്.

പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ഉന്നമനത്തിനായി ചെലവഴിച്ച തുക

8(211) ശ്രീ. എ. കെ. മണി :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക- പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ ഓരോ റവന്യൂ ജില്ലയിലും പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ഉന്നമനത്തിനായി എന്ത് തുക വീതം ചെലവഴിച്ചു ;

(ബി) ഓരോ ജില്ലയിലും പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലും പെട്ട എത്രപേർ വീതമുണ്ടെന്ന് അറിയിക്കാമോ ;

(സി) പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ഉന്നമനത്തിനു വേണ്ടി ഈ ഗവൺമെന്റ് ഇതുവരെ ചെലവഴിച്ച തുകയിൽ ഓരോ പട്ടികജാതി പട്ടികവർഗ്ഗ കുടുംബത്തിനും ശരാശരി എന്തു തുക വീതം ലഭിച്ചു ;

(ഡി) അതിന്റെ ഫലമായി പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലും പെട്ട എത്ര കുടുംബങ്ങൾ ദാരിദ്ര്യരേഖയുടെ മുകളിലെത്തി ?

ഉത്തരം

(എ) അനുബന്ധം 1 , 2 കാണുക.†

(ബി) അനുബന്ധം 3 , 4 കാണുക.†

†അനുബന്ധം VI, VIA, VIB & VIC

LIBRARY ARCHIVES Kerala Legislative Assembly